പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 136 — 12.07.2016-ലെ മറുപടിക്ക്

**ജൻറം ബസ്സുകൾക്ക് രൂപീകരിച്ച കോർപ്പറേഷൻ**

**ചോദ്യം**

ശ്രീ. റോജി എം. ജോൺ
'' തിരുവഞ്ചൂർ രാധാകൃഷ്ണൻ
'' സണ്ണി ജോസഫ്
'' വി.പി. സജീന്ദ്രൻ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ജൻറം ബസ്സുകൾക്ക് പുതിയ കോർപ്പറേഷൻ രൂപീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | കേരളാ അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ.ടി.സി) എന്ന പേരിൽ മുൻ സർക്കാരിന്റെ കാലത്ത് ജൻറം ബസ്സുകൾ സർവ്വീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സിയുടെ സബ്സിഡിയറിയായി ഒരു പുതിയ കോർപ്പറേഷൻ രൂപീകരിച്ചിരുന്നു. |
| (ബി) | ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | Government of India-യുടെ നഗര വികസന മന്ത്രാലയത്തിൻ കീഴിലുള്ള ജൻറം പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭ്യമാക്കി കേരളത്തിലെ നഗരങ്ങളിലെ പൊതു റോഡു ഗതാഗതം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ബസുകൾ വാങ്ങി സർവ്വീസ് നടത്തുക, സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിച്ച് കേരളത്തിലെ നഗരങ്ങളിലെ പൊതു ഗതാഗത സംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് കെ.യു.ആർ.ടി.സിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | പ്രസ്തുത കോർപ്പറേഷൻ വഴി സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ? | (സി) | കേരളാ അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വഴി നിലവിൽ 603 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.<br>ഇതിൽ 190 ലോ ഫ്ളോർ എ.സി ബസുകളും 413 സെമി ലോ ഫ്ളോർ നോൺ എ.സി ബസുകളുമാണുള്ളത്. |

സെക്ഷൻ ഓഫീസർ